# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 86 (a)/2025** **തിരുവനന്തപുരം, തീയതി: 25.04.2025**

# പത്രക്കുറിപ്പ്

## കേരളസർവകലാശാലയുടെ 2022 ലെ ഒഎൻവി പുരസ്കാരം എം.മുകുന്ദന് സമ്മാനിച്ചു; സാഹിത്യത്തെ ചരിത്രവൽക്കരിച്ച എഴുത്തുകാരനാണ് എം. മുകുന്ദനെന്ന് മന്ത്രി കെ. എൻ. ബാലഗോപാൽ; മതമില്ലാത്ത ദൈവങ്ങളെ മതിയെന്ന് എം.മുകുന്ദൻ...........

സാഹിത്യത്തെ ചരിത്രവൽകരിച്ച എഴുത്തുകാരനാണ് എം. മുകുന്ദൻ എന്ന് ധനകാര്യ മന്ത്രി കെ. എൻ. ബാലഗോപാൽ. കേരളസർവകലാശാലയുടെ 2022 ലെ ഒ.എൻ.വി സാഹിത്യ പുരസ്കാരം എം.മുകുന്ദന് സമ്മാനിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. മഹാഗുരുവും മഹാകവിയുമായ ഒ.എൻ.വി യുടെ പേരിലുള്ള പുരസ്കാരം എം മുകുന്ദന് നൽകിയപ്പോൾ കേരളസർവകലാശാല അതിന്റെ ശ്രേഷ്ഠപാരമ്പര്യം ഉയർത്തിപ്പിടിക്കുകയാണ് ചെയ്തതെന്നും മന്ത്രി കെ. എൻ. ബാലഗോപാൽ പറഞ്ഞു.

മതം ഇല്ലാത്ത ദൈവങ്ങൾ മതി നമുക്കെന്ന് പുരസ്കാരം സ്വീകരിച്ചു കൊണ്ട് എം. മുകുന്ദൻ പറഞ്ഞു. താൻ ദൈവത്തിന്റെ വക്കുപൊട്ടിയ പെൻസിൽ മാത്രമാണ്. മഹാസമുദ്രമായല്ല; പുഴയായോ അരുവിയായോ ഒഴുകാനാണ് തനിക്കിഷ്ടമെന്നും അദ്ദേഹം പറഞ്ഞു. മഹാനായ ഫ്രാൻസിസ് മാർപ്പാപ്പ കഥകൾ എഴുതുമായിരുന്നു. അദ്ദേഹം നോവലുകൾ വായിക്കുമായിരുന്നു. നോവലും കഥകളും പിന്തുടർന്ന് വായിക്കുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയെ നമുക്ക് ഇപ്പോൾ കിട്ടി. സാഹിത്യം വായിക്കുന്നവരാണ് ഭരണാധികാരികൾ ആകേണ്ടത്. നെഹ്റു അങ്ങനെ ഒരാൾ ആയിരുന്നു. താൻ പണ്ടു ജീവിച്ച ദില്ലി അല്ല ഇന്നത്തെ ദില്ലിയെന്നും എം. മുകുന്ദൻ പറഞ്ഞു. വൈസ് ചാൻസലർ പ്രൊഫ. (ഡോ.) മോഹനൻ കുന്നുമ്മൽ അദ്ധ്യക്ഷനായിരുന്നു.

ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവും ഉൾപ്പെടുന്നതാണ് ഒ.എൻ.വി പുരസ്ക്കാരം. ഫിനാൻസ് കമ്മിറ്റി കൺവീനർ അഡ്വ. ജി. മുരളീധരൻ സ്വാഗതം പറഞ്ഞു. സിൻസിക്കേറ്റ് അംഗം ഡോ. എസ്. നസീബ് പ്രശസ്തിപത്രം വായിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളായ ആർ. രാജേഷ്, ഡോ. ഷിജു ഖാൻ ജെ. എസ്, ആർ. ബി. രാജേഷ് കുമാർ, ഡോ. കെ. ജി. ഗോപ്ചന്ദ്രൻ, ഡോ. പി. എം. രാധാമണി, ഡോ. എൻ. പ്രമോദ്, വൈ. അഹമ്മദ് ഫൈസൽ, പി. എസ്. ഗോപകുമാർ, ഡി. എൻ. അജയ്, മലയാള വിഭാഗം മേധാവി ഡോ. സീമ ജെറോം എന്നിവർ സംസാരിച്ചു. സർവകലാശാല രജിസ്ട്രാർ പ്രൊഫ. (ഡോ.) കെ. എസ്. അനിൽകുമാർ നന്ദി രേഖപ്പെടുത്തി.

(ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്)

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**